## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2523 07/02/2019 ൽ മറുപടിക്ക്

### ക്ഷേത്ര പരിസരത്തെ ആയുധ പരിശീലനം

ചോദ്യം — മറുപടി

ശ്രീ.ഷാഫി പറമ്പിൽ

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രപരിസരത്ത് ആയുധ പരിശീലനം നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഉണ്ട്.തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കൊല്ലം ഗ്രൂപ്പിൽപ്പെട്ട തൃക്കടവൂർ, മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട കാട്ടുവള്ളി,വടക്കൻ പറവൂർ ഗ്രൂപ്പിൽപ്പെട്ട പെരുവാരം എന്നീ ക്ഷേത്രങ്ങളുടെ പരിസരങ്ങളിൽ ആയുധ പരിശീലനം നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട് . ക്ഷേത്രങ്ങളുടെ പരിസരത്ത് ആയുധ പരിശീലനം നിരോധിച്ചു കൊണ്ട് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ക്ഷേത്ര പരിസരങ്ങൾ ചില സംഘടനകൾ ശാഖ പരിശീലത്തിനായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | (ബി)യും (സി)യും<br>ഉണ്ട്.തിരുവിതാംകൂർ, കൂടൽമാണിക്യം കൊച്ചിൻ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ഏതാനും ക്ഷേത്രങ്ങളുടെ പരിസരത്ത് ചില സംഘടനകൾ ശാഖ പരിശീലനം നടത്തുന്നതിനെതിരെ ദേവസ്വം ബോർഡുകൾ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇത് തടയുന്നതിന് പോലീസ് സഹായം തേടുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഇതിന്മേൽ നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ